LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.എഫ്.ഇ.-കെ.എഫ്.സി. സ്വയം സംരംഭകത്വ പദ്ധതി പ്രകാരമുള്ള വായ്പാസൗകര്യം

177 (4168) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റ്റി. യു. കുരുവിള :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) KSFE, KFC മുതലായ സ്ഥാപനങ്ങളിൽ നിന്നും സ്വയം സംരംഭകത്വ പദ്ധതി പ്രകാരം നല്കി വരുന്ന വായ്പാ സൗകര്യം കൂടുതൽ ആളുകൾക്ക് ലഭ്യമാക്കുമോ ;

(ബി) ഇങ്ങനെ നല്കുന്ന വായ്പകൾക്ക് കൂടുതൽ പലിശ ഇളവ് നല്കുന്നതിന് നടപടികൾ ഉണ്ടാകുമോ ;

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് കൂടുതൽ സഹായങ്ങൾ നല്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) കെ. എസ്. എഫ്.ഇ.-യിൽ സ്വയം സംരംഭകത്വ പദ്ധതി പ്രകാരമുള്ള വായ്പ ഇപ്പോൾ നിലവിലില്ല. ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്യാവുന്ന എല്ലാ പുതിയ പദ്ധതികൾക്കും നൂതനമായ കാർഷികാധിഷ്ഠിത പദ്ധതികൾക്കും നിലവിലെ വ്യവസ്ഥകൾ പ്രകാരം കെ.എഫ്.സി. മുഖേന സ്വയം സംരംഭക വികസന മിഷൻ വഴി വായ്പാസൗകര്യം ലഭ്യമാക്കി വരുന്നുണ്ട്. ഇതിനുള്ളിൽ വരുന്ന എല്ലാവർക്കും വായ്പ ലഭിക്കുന്നതാണ്. ഇത് പലിശ രഹിത വായ്പയായതിനാൽ കൂടുതൽ പലിശ ഇളവ് നൽകുന്ന കാര്യം ഉദിക്കുന്നില്ല.

(സി) ഇത്തരം ധനകാര്യ സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് കൂടുതൽ സഹായങ്ങൾ നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയുടെ സ്റ്റേറ്റുമെന്റ്

178 (4169) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കുവേണ്ടിയുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയുടെ ഒരു സ്റ്റേറ്റ്മെന്റ് പി.എഫ്. സ്റ്റേറ്റ്മെന്റ് പോലെ വർഷാവർഷം അതിന്റെ വരിക്കാർക്ക് എത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) നാളിതുവരെ ഇത്തരത്തിൽ ഒരു സ്റ്റേറ്റ്മെന്റ് നൽകുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള നടപടികൾ സർക്കാർ ആരംഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഇതുസംബന്ധിച്ച് നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

(ബി) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിലെ വരിക്കാർക്ക് വർഷാവർഷം അനുവദിക്കുന്ന ബോണസ് ഉൾപ്പെടെയുള്ള തുകയെ സംബന്ധിച്ച ഒരു സ്റ്റേറ്റുമെന്റ് ഇൻഷ്വറൻസ് വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിന് സഹായകമാകുന്ന തരത്തിലുള്ള ഒരു സോഫ്റ്റ് വെയർ നിർമ്മാണത്തിന്റെ നടപടി ആരംഭിച്ചിട്ടുണ്ട്.

സ്റ്റാമ്പ് -വെണ്ടർമാരുടെ സ്ഥിതിവിവര കണക്ക്

179 (4170) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ എത്ര ലൈസൻസ്ഡ് സ്റ്റാമ്പ് വെണ്ടർമാരുണ്ട്; ഓരോ ജില്ലയിലെയും പ്രത്യേക കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) ഓരോ ജില്ലയിലും സ്ഥിരം വെണ്ടർമാർ എത്ര പേരുണ്ട്;

(സി) ഓരോ ജില്ലയിലും താല്ക്കാലികമായും/ലീവ് വേക്കൻസിയിലുമായി എത്ര വെണ്ടർമാർ തുടരുന്നുണ്ട്;

(ഡി) 2010 ജനുവരി മുതൽ 2014 ഒക്ടോബർ വരെ എത്ര വെണ്ടർമാർ മരണമടഞ്ഞു;

(ഇ) മരണമടഞ്ഞ വെണ്ടർമാരിൽ എത്ര പേരുടെ ആശ്രിതർക്ക് വെണ്ടർ നിയമനം നൽകി; ഇനി എത്ര പേരുടെ അപേക്ഷകൾ പരിഗണിക്കാതെ വച്ചിട്ടുണ്ട്; എന്ത് കാരണത്താൽ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 1016

ക്രമ നമ്പർ	ജില്ല	എണ്ണം
(1)	(2)	(3)
1	തിരുവനന്തപുരം	229
2	കൊല്ലം	113
3	പത്തനംതിട്ട	99
4	ആലപ്പുഴ	74

LIBRARY ARCHIVES Kerala Legislative Assembly